## II അടിയന്തരപ്രമേയം

### മായം ചേർക്കൽ നിരോധന നിയമം

മി. സ്പീക്കർ : 1954-ലെ ഭക്ഷ്യവസ്തുക്കളിൽ മായംചേർക്കൽ നിരോധന നിയമം ഉപയോഗിക്കുന്നത് കേന്ദ്ര സർക്കാർ അസാധുവാക്കിയിട്ടും പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസ്സെടുക്കുകയും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ്കുമാർ, കെ. പി. മോഹനൻ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 AM]

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, 1954-ലെ പി.എഫ്.എ. ആക്ടിനുശേഷം 2006-ലാണ് ഭക്ഷ്യസുരക്ഷയേയും നിലവാരത്തേയും സംബന്ധിച്ച പുതിയ നിയമം വന്നത്. ആ നിയമം വന്നതിനുശേഷം 5-1-2011-ലാണ് ഡ്രാഫ്റ്റ് റൂൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പക്ഷേ ഈ ഡ്രാഫ്റ്റ് റൂൾ പ്രസിദ്ധീകരിക്കുന്ന സന്ദർഭത്തിൽ ഒരു മാസത്തെ സമയം അപേക്ഷ കൊടുക്കാനും പരാതി കൊടുക്കാനുംവേണ്ടി ആ നോട്ടിഫിക്കേഷനിൽ പ്രത്യേകമായി എടുത്തുപറഞ്ഞിട്ടുണ്ട്. അതിന്റെ അർത്ഥം ഈ മാസം 19 വരെ ഡ്രാഫ്റ്റ് റൂളിനെ സംബന്ധിച്ച അപേക്ഷകളോ ആക്ഷേപങ്ങളോ കേൾക്കുന്നതിനുള്ള സമയപരിധിയുള്ളതുകൊണ്ട് ശരിക്കു പറഞ്ഞാൽ ഈ ആക്ടിന്റെ ഭാഗമായിട്ടുള്ള ചട്ടങ്ങൾ ഇപ്പോൾ ഫലത്തിൽ വന്നിട്ടില്ല, അത് ഫൈനലൈസ് ചെയ്തിട്ടില്ല. കേന്ദ്ര ഗവൺമെന്റാണ് അത് ഫൈനലൈസ് ചെയ്യേണ്ടത്. അത് കേന്ദ്ര ഗവൺമെന്റിനായാലും സംസ്ഥാന ഗവൺമെന്റുകൾക്കായാലും നടപ്പാക്കുന്നതിന് വിഷമമുണ്ട്. അപ്പോൾ സ്വാഭാവികമായും പി.എഫ്.എ. ആക്ടും അതിന്റെ ചട്ടങ്ങളുമാണുള്ളത്. അതാണ് ഇൻഡ്യാ രാജ്യത്ത് ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അതിന്റെ ഭാഗമായിട്ടുതന്നെയാണ് നമ്മുടെ സംസ്ഥാനത്തും കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷേ ഒരു കാര്യം എനിക്ക് പറയാൻ പറ്റും. ഈ ആക്ടിന്റെ ഭാഗമായി ഇൻഡ്യയിൽ ഒരേയൊരു സ്റ്റേറ്റിൽ മാത്രമേ കമ്മീഷണറേറ്റ് രൂപീകരിച്ച് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുള്ളൂ. അത് നമ്മുടെ സ്റ്റേറ്റിലാണ്. ഇത്രയും കാര്യങ്ങളാണ് ഇതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ബാക്കി എന്തെങ്കിലുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞാൽ മറുപടി പറയാം.

മി. സ്പീക്കർ : മറ്റു സ്റ്റേറ്റുകളിലെല്ലാം നിലവിലുള്ള 1954-ലെ നിയമമനുസരിച്ചാണോ പോകുന്നത് ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : അതെ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, വളരെ വിചിത്രമായ, നിയമപരമായി യാതൊരു പിൻബലവുമില്ലാത്ത, ഭരണഘടനാവിരുദ്ധമായ ഒരു സ്റ്റേറ്റ്മെന്റാണ് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ നടത്തിയിരിക്കുന്നത്. 1954-ലെ പി.എഫ്.എ. ആക്ടിനെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. നിയമസഭ അത് സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. അതിൽ വളരെ ഗൗരവത്തോടുകൂടിയ, അടിസ്ഥാനപരമായ മാറ്റം വേണം, നിരപരാധികൾ ആ ആക്ടിന്റെ പേരിൽ ശിക്ഷിക്കപ്പെടരുത്. കാരണം ആർ അതുപോലുള്ള സബ്സ്റ്റൻസ് സൂക്ഷിച്ചു വച്ചാലും, ഒരു മാനുഫാക്ച്ചർ ആയിരിക്കാം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത്. പക്ഷേ അത് വിൽക്കാൻ വച്ചിരിക്കുന്ന പെട്ടിക്കടക്കാരനടക്കം നിരപരാധികൾക്കുപോലും ഒരു വർഷം തടവ് കിട്ടുന്ന ഒരു അവസ്ഥയുണ്ടായിരുന്നു. ഇതു മാറ്റുന്നതിനുവേണ്ടിയുള്ള ഒരു വലിയ നടപടി കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് 1998 മുതൽ തുടങ്ങിയതാണ്. Multiplicity of food laws ഒരുപാട് ഭക്ഷ്യ നിയമങ്ങൾ, ഒരുപാട് ഓർഡറുകൾ, ഒരുപാട് കാര്യങ്ങൾ ഇതെല്ലാം മാറ്റി ജോയിന്റ് പാർലമെന്ററി കമ്മിറ്റിയും ഉഭ കമ്മീഷനുമടക്കമുള്ള ഏജൻസികളുടെ നിർദ്ദേശപ്രകാരം അന്താരാഷ്ട്ര നിലവാരമുള്ള അല്ലെങ്കിൽ ആ സ്റ്റാൻഡേർഡിനു യോജിക്കുന്ന തരത്തിലുള്ള ഒരു നിയമം 2006-ൽ ഉണ്ടാക്കി. The Food Safety and Standards Act 2006. 2006-ൽ ഈ പുതിയ നിയമമുണ്ടാക്കിയ സമയത്ത് പി.എഫ്.എ. ആക്ട് അസാധുവാക്കിയിട്ടില്ല. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഒരു അസാധാരണ ഗസറ്റിലൂടെ 2010 ജൂലൈ 29-ാം തീയതി ഈ പറയുന്ന Food Adulteration Act അസാധുവാക്കി. അത് വളരെ വ്യക്തമായി ഇതിനകത്ത് പറയുന്നുണ്ട്. In exercise of the powers conferred by sub section (3) of Section 1 of the Food Safety and Standards Act 2006, the Central Government hereby appoints the 29th day of July 2010 of the day on which the provisions of section..... എന്നു പറഞ്ഞിട്ട് Section 94 to 98 both inclusive and Section 100 of the said Act shall come into force എന്നു പറയുന്നു. അതെന്താണ്, സെക്ഷൻ 97, അതിലെ നിയമമെന്നു പറയുന്നത്, (1) With effect from such date as the Central Government may appoint in this behalf, the enactment and orders specified in the Second Schedule shall stand repealed: ആ നിയമം അസാധുവായി. 1954-ലെ Food Adulteration Act ഇന്ന് നിലവിലില്ല. ഇവിടെ ഗവൺമെന്റ് എന്താണ് ചെയ്തിരിക്കുന്നത്. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും ഇപ്പോഴും Food Adulteration Act അനുസരിച്ചാണ് കേസുകൾ എടുക്കുന്നത് എന്ന തരത്തിലുള്ള തെറ്റായ സ്റ്റേറ്റ്മെന്റാണ് നടത്തിയിരിക്കുന്നത്. ഇല്ലാത്ത നിയമത്തിന്റെ പേരിൽ കേന്ദ്ര ഗവൺമെന്റ്, പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ, ആ നിയമത്തിന്റെ 97-ാം വകുപ്പ് കേന്ദ്ര സർക്കാർ ഇറക്കിയ വിജ്ഞാപനത്തിന്റെ ഭാഗമായി ഇല്ലാതായിരിക്കുകയാണ്. അങ്ങനെയൊരു നിയമം ഇന്ന് നിലവിലില്ല. ഇവിടെ എന്തൊക്കെയാണ് ചെയ്യുന്നത്. ഇവിടെ 2010 ജൂലൈ 29-ന് ഈ നിയമമില്ലാതായതിന് ശേഷവും ഈ ആക്ട് അനുസരിച്ച് സംസ്ഥാനത്ത് നിയമനടപടികൾ സ്വീകരിക്കുകയാണ്. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ കേസ്സുകളെടുക്കുന്നു.

ഇല്ലാത്ത നിയമത്തിന്റെ പേരിൽ കേസ്സെടുക്കുന്നു. അവർക്കെതിരായി നിയമനടപടികൾ സ്വീകരിക്കുന്നു. ഈ നിയമം വളരെ ഡൈലൂട്ട് ചെയ്തുണ്ടാക്കിയതാണ് പുതിയ നിയമം. പഴയ നിയമമനുസരിച്ച് നിരപരാധികൾ ശിക്ഷിക്കപ്പെടുന്ന അവസ്ഥയാണുണ്ടായിരുന്നത്. ഇല്ലാത്ത നിയമത്തിന്റെ പേരിൽ സംസ്ഥാനത്ത് നിരപരാധികൾ ശിക്ഷിക്കപ്പെടുന്നതിനുവേണ്ടിയുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നു. യഥാർത്ഥ കുറ്റവാളികൾക്കെതിരെ നിലവിലില്ലാത്ത പി.എഫ്.എ. ആക്ട് അനുസരിച്ച് കേസ്സെടുത്ത് ക്രിമിനൽ പ്രോസിക്യൂഷൻ നടത്തിക്കഴിഞ്ഞാൽ ആ കേസ് നിലനിൽക്കുമോ? ആ കേസ് ഒരു കാരണവശാലും നിലനിൽക്കില്ല. ആളുകളെ ഹരാസ് ചെയ്യാമെന്നല്ലാതെ യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്ന ദൗർഭാഗ്യകരമായ ഒരു അവസ്ഥയുണ്ടാകും. എന്താണ് സംഭവിക്കാൻ പോകുന്നത്? കുറ്റവാളികളെ ശിക്ഷിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിത്തീരും. ഇതു മാത്രമല്ല, ഈ ആക്ട് നിലവിലില്ല എന്നുള്ള കാര്യം ഗവൺമെന്റിനറിയാം. അറിവില്ലായ്മപോലും നിയമത്തിന്റെ മുമ്പിൽ excusable അല്ല. Ignorance of law is not an excuse. ഒരു നിയമത്തെക്കുറിച്ച് അറിയില്ല എന്ന കാരണത്തിന്റെ പേരിൽ അതിന്റെ പുറത്ത് എക്സ്ക്യൂസ് കൊടുക്കില്ല. പക്ഷെ ധാർമ്മികമായി വാദിക്കാമായിരുന്നു. ഇങ്ങനെയൊരു നിയമം സംസ്ഥാനത്തില്ലാത്തത് സംസ്ഥാന ഗവൺമെന്റിന് വളരെ വ്യക്തമായി അറിയാം. ഗവൺമെന്റ് അനലിസ്റ്റുകളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ് വന്നപ്പോൾ ഗവൺമെന്റ് അഫിഡവിറ്റ് ഫയൽ ചെയ്തു. ആ അഫിഡവിറ്റിൽ ഇങ്ങനെയൊരു നിയമം നിലവിലില്ല എന്ന് ഗവൺമെന്റ് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു;. പുതിയ നിയമം വന്നതിനുശേഷം മാത്രമേ നിയമനങ്ങൾ നടത്താൻ പറ്റൂ എന്ന് അഫിഡവിറ്റ് കൊടുത്തു. ഒരേ സമയത്ത് ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുക്കുകയും ഒരു ഉത്തരവിലൂടെ ഈ ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും ചെയ്തു. ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ ഈ ഗവൺമെന്റിനുള്ള അധികാരമെന്താണ്? 2010 ജൂലൈ 29-ാം തീയതി ഈ നിയമം അസാധുവായി. 2010 ഡിസംബർ 14-ാം തീയതി ഗവൺമെന്റ് ഒരു ഉത്തരവിറക്കിയിരിക്കുകയാണ്. എന്താണ്, In exercise of the powers conferred by Section 8 of the prevention of Food Adulteration Act 1954, part 1 of the Kerala Gazette No. 29 dated..... the Goverment of Kerala hereby appoint the following persons tobe Public Analysts for the purpose of said Act for the whole State of Kerala. ഇല്ലാത്ത നിയമത്തിന്റെ പേരിൽ സുധർമ്മ, തങ്കച്ചൻ തുടങ്ങിയ 9 പബ്ലിക് അനലിസ്റ്റുമാരെ ഗവൺമെന്റ് ലബോറട്ടറികളിൽ സംസ്ഥാന സർക്കാർ നിയമിച്ചിരിക്കുകയാണ്. മാത്രമല്ല, ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തിരിക്കുകയാണ്. നിയമിക്കാൻ കഴിയില്ല, ഈ നിയമം നിലവിലില്ല. എന്നിട്ട് ഗവൺമെന്റ് ഒരു നോട്ടിഫിക്കേഷൻ ഇറക്കിയിരിക്കുന്നു. ആ നിയമത്തിന്റെ പേരിൽ 9 പബ്ലിക് അനലിസ്റ്റുമാരെ ഗവൺമെന്റ് ലബോറട്ടറികളിൽ നിയമിച്ചിരിക്കുന്ന നടപടി വ്യക്തമായ നിയമനത്തട്ടിപ്പ് നടത്തിയതിന് തെളിവാണ്. 1954-ലെ പി.എഫ്.എ. ആക്ട് നിലവിലില്ലാത്ത സാഹചര്യത്തിൽ 9 പേരെ നിയമിച്ചിരിക്കുന്നു. ഈ അനലിസ്റ്റുമാർ

LIBRARY ARCHIVES Kerala Legislative Assembly

ലബോറട്ടറികളിൽ പോയി ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്ന കേസുകളുടെ സാമ്പിളുകൾ, അവരുടെ മുമ്പിൽ വരുമ്പോൾ അവരത് പരിശോധിച്ചു കൊടുക്കുന്ന റിപ്പോർട്ട് കോടതിയിൽ പോയാൽ അതിന് എന്ത് വാലിഡിറ്റിയുണ്ട്? അവരുടെ അപ്പോയിന്റ്മെന്റ് തന്നെ void abinitio ആണ്. അവരുടെ അപ്പോയിന്റ്മെന്റ് തന്നെ നിയമസാധുതയില്ലാത്തതാണ്. നിയമസാധുതയില്ലാതെ നിയമനം നടത്തിയ ആളുകൾ സ്വീകരിക്കുന്ന നിയമനടപടികൾ കൊണ്ടുണ്ടാകുന്ന ലീഗൽ കോൺസിക്വൻസസ് എന്താണ്; നിയമപരമായ പ്രത്യാഘാതങ്ങളെന്താണ്; ഇവിടെ നാട്ടിലെവിടെയെങ്കിലും കേട്ടിട്ടുണ്ടോ? നാട്ടിലില്ലാത്ത നിയമത്തിന്റെ പുറത്ത് നടപടികൾ സ്വീകരിക്കുക, പ്രോസിക്യൂഷൻ സ്വീകരിക്കുക, കേസ്സുകളെടുക്കുക, നിയമനം നടത്തുക ഇതൊക്കെയാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതുമാത്രമല്ല, നിയമിച്ചിരിക്കുന്ന അനലിസ്റ്റ് എന്നു പറയുന്ന ഒരു പോസ്റ്റില്ല. അതിനുപകരം ഫുഡ് അനലിസ്റ്റ് എന്നു പറയുന്ന പുതിയൊരു പോസ്റ്റാണ്. അതുപോലെ ഫുഡ് ഇൻസ്പെക്ടർ ഇല്ല, ഫുഡ് സേഫ്റ്റി ഓഫീസറാണ്. ഇല്ലാത്ത നിയമത്തിന്റെ പേരിൽ, ഇല്ലാത്ത തസ്തികകളുടെ പേരിൽ ഈ ഗവൺമെന്റ് ഇറക്കിയിരിക്കുന്ന നോട്ടിഫിക്കേഷന്റെ നിയമപരമായ സാധുത എന്താണ്? എന്ത് അധികാരമാണ് ഈ ഗവൺമെന്റിനുള്ളത്? ഈ വകുപ്പിൽ മാത്രമല്ല, ബാക്കി സ്ഥലത്ത് ചെയ്യാത്തതുകൊണ്ടാണ് ഞാൻ നോട്ടീസ് കൊടുക്കാതിരുന്നത്. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള മുനിസിപ്പാലിറ്റികളിൽ ഈ നിയമം അനുസരിച്ച് ഹെൽത്ത് ഇൻസ്പക്ടർമാരെ നിയമിക്കാനുള്ള നീക്കം നടക്കുന്നു. ഹെൽത്ത് ഇൻസ്പക്ടർ എന്നുള്ള പോസ്റ്റ് ഇല്ല. അതിനു പകരമാണ് ഫുഡ് സേഫ്റ്റി ഓഫീസർ ഉള്ളത്. അതുപോലെതന്നെ മൃഗസംരക്ഷണ വകുപ്പിൽ പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടേയും ഗുണനിലവാര നിയന്ത്രണം പരിശോധിക്കാൻവേണ്ടിയുള്ള പുതിയ നിയമം ഉണ്ടാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ആ നിയമവും നിലനിൽക്കില്ല. Food Safety and Standards Act - 2006 അനുസരിച്ച് Multiplicity of food laws, ഭക്ഷ്യ നിയമങ്ങളുടെ ധാരാളിത്തം ഏകോപിപ്പിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന ഭരണഘടനാപരമായ പിൻബലത്തോടുകൂടിയുള്ള ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ അധികാരമനുസരിച്ചാണ് നിയമം ഉണ്ടാക്കിയിരിക്കുന്നത്. ഇവിടെ നടത്തിയിരിക്കുന്ന നടപടികൾ നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവും നിരവധി പ്രത്യാഘാതങ്ങളും ഭരണ പ്രതിസന്ധിയും നമ്മുടെ നാട്ടിലുണ്ടാക്കാൻ സാദ്ധ്യതയുള്ളതുമാണ്. നാട്ടിൽ നിയമമില്ലേ? ഒരു ഗവൺമെന്റുണ്ടോ? ഇതൊന്നും അറിയുന്നില്ലേ? ഒരു ഗവൺമെന്റിന്റെ ഭരണഘടനാപരമായ പിൻബലമില്ലാത്ത, നിയമപരമായ പിന്തുണയില്ലാത്ത എന്ത് നടപടിയും സ്വീകരിക്കാനുള്ള എന്ത് അധികാരമാണ് ഈ സർക്കാരിനുള്ളത്? അത് വ്യക്തമാക്കണം. ഗൗരവതരമായ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : സർ, ബഹുമാനപ്പെട്ട വി.ഡി. സതീശൻ പി.എഫ്.എ. ആക്ട് ദുരുപയോഗം ചെയ്തുവെന്നാക്കിയെന്ന് പറഞ്ഞത് ശരിയാണ്. 29-7-2010-ൽ ഖണ്ഡം 97-പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

Repeal and saving എന്നുള്ള നിലയിൽ പി.എഫ്.എ. ആക്ട് അസാധുവാക്കി സെൻട്രൽ ഗവൺമെന്റ് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. അതേ സന്ദർഭത്തിൽ തന്നെ ജനുവരി 19-ാം തീയതി ആദ്യമായി 2006-ലെ ഫുഡ് സേഫ്റ്റി ആക്ട് നിലവിൽ വന്നതിനുശേഷം 2011 ജനുവരി 19-നാണ് ഡ്രാഫ്റ്റ് റൂൾസ് ആദ്യമായി ഇന്ത്യയിൽ പ്രസിദ്ധീകരിക്കുന്നത് ഡ്രാഫ്റ്റ് റൂൾസിൽ റിപ്പീൽ ചെയ്ത ഭാഗം പറഞ്ഞപ്പോൾ, ഒരു മാസം വരെ ആക്ഷേപം കേൾക്കാനുള്ള സമയം കൊടുത്തിട്ടുണ്ട്. After expiry of a period of 30 days from the date of this gazette notification is made available to the public. പൊതുജനത്തിന് ഒരു മാസത്തെ സമയം ആക്ഷേപം കേൾക്കുന്നതിനുവേണ്ടിയുണ്ട്. അങ്ങനെ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണെന്നിരിക്കെ, സംസ്ഥാന ഗവൺമെന്റുകൾക്ക് ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് യാതൊരു തരത്തിലുള്ള ബാദ്ധ്യതയുമില്ലെന്നിരിക്കെ, പഴയ നിയമത്തിനനുസൃതമായി പ്രവർത്തിക്കുക എന്നുള്ളതാണ് ധാരണ. പക്ഷേ ശ്രീ. വി.ഡി. സതീശൻ പറഞ്ഞതുപോലെ അങ്ങനെ പി.എഫ്.എ. ആക്ട് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കില്ല. അല്ലെങ്കിൽ പി.എഫ്.എ. ആക്ടനുസരിച്ച് കേസ്സെടുത്താൽ അത് നിലനിൽക്കില്ല എന്നതാണെങ്കിൽ നിയമപരമായി അത് പരിശോധിക്കണം. അങ്ങനെ പരിശോധിക്കുന്നതിനും ഞങ്ങൾ എതിരല്ല. അതായത് ഈ ചട്ടങ്ങൾ കേന്ദ്ര ഗവൺമെന്റ് ഫൈനലൈസ് ചെയ്യുന്നതുവരെ ഒരു തരത്തിലുള്ള കേസ്സും എടുക്കണ്ട എന്നാണെങ്കിൽ തീർച്ചയായും അത് പരിശോധിക്കാൻ നിയമവകുപ്പിനോട് ആവശ്യപ്പെടാം. ഞങ്ങൾ ചെയ്തിട്ടുള്ളത്, കേന്ദ്ര ഗവൺമെന്റിന്റെ ആക്ട് അനുസരിച്ച് ഇൻഡ്യയിൽ ആദ്യമായി നമ്മുടെ സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് രൂപീകരിച്ചു. ഇത് പ്രവർത്തനത്തിന്റെ ആരംഭം കുറിക്കുന്നതിനു വേണ്ടിയാണ്. പ്രധാനമായും നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യമാണ് ശ്രീ. സതീശൻ പറഞ്ഞത്. ഹെൽത്ത് ഡിപ്പാർട്ടുമെന്റ്റായിരുന്നു ഇത് മുൻപ് കൈകാര്യം ചെയ്തിരുന്നത്. ആരോഗ്യ വകുപ്പിൽ പി.എഫ്.എ. ആക്ട് കൈകാര്യം ചെയ്യാൻ കുറെ ഉദ്യോഗസ്ഥന്മാരുണ്ട്. അവർ വളരെ എക്സ്പെർട്സ് ആയിട്ടുള്ളവർ തന്നെയാണ്. അതിൽ പി.എഫ്.എ.യുടെ ഡെപ്യൂട്ടി ഡയറക്ടർ എന്ന തസ്തിക ആരോഗ്യ വകുപ്പിലെ തസ്തികയാണ്. ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിലെ ചീഫ് ഗവൺമെന്റ് അനലിസ്റ്റിൽനിന്ന് ചട്ടപ്രകാരം പ്രൊമോഷൻ വഴിയാണ് ഈ തസ്തികയിൽ നിയമനം നടത്തുന്നത്. ഡെപ്യൂട്ടി ഡയറക്ടർ, പി.എഫ്.എ. തസ്തിക രണ്ടു വർഷമായി ഒഴിഞ്ഞു കിടക്കുകയായിരുന്നു. എന്നിട്ട് അർഹതപ്പെട്ടവർക്ക് പ്രൊമോഷൻ നൽകാനുള്ള പ്രൊപ്പോസൽ ഗവൺമെന്റ് ആവശ്യപ്പെട്ടു. അർഹതപ്പെട്ട എല്ലാവർക്കും പ്രൊമോഷൻ നൽകണമെന്നുള്ളതിന്റെയടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ പോസ്റ്റ് എടുത്തിട്ടുള്ളത്. അല്ലാതെ പുറത്തുനിന്നും ആരെയും നിയമിച്ചിട്ടില്ല. ആരോഗ്യ വകുപ്പിൽ പി.എഫ്.എ. ആക്ട് നടപ്പിലാക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ചട്ടപ്രകാരം കിട്ടേണ്ട പ്രൊമോഷൻ തടസ്സപ്പെടരുതെന്നുള്ളതു മാത്രമേ ഗവൺമെന്റ് ആഗ്രഹിച്ചിട്ടുള്ളൂ. എന്റെ അറിവിൽ ഏതെങ്കിലും ഒരാളെ ആരോഗ്യ വകുപ്പിൽനിന്നും പ്രൊമോഷൻ കൊടുത്തിട്ട്

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ചതല്ലാതെ ഫുഡ് കമ്മീഷണറേറ്റിൽനിന്നും ഒരാളെയും നിയമിച്ചിട്ടുമില്ല. പ്രൊമോഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് ഞങ്ങൾ ആലോചിച്ചിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ അവസാനം പറഞ്ഞ ഒരു കാര്യം കൂറച്ച് ആശയക്കുഴപ്പം ഉള്ളതാണ്. പഞ്ചായത്തു പ്രദേശങ്ങളിൽ മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് നടപടികളെടുക്കാൻ ചുമതലപ്പെട്ടവർ ആരോഗ്യ വകുപ്പ് ഡയറക്ടരുടെ കീഴിലല്ല. പഞ്ചായത്തു വകുപ്പിന്റെ കീഴിലാണ്. പക്ഷേ പുതിയ ആക്ട് പ്രകാരം പറയുന്നത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലായാലും പഞ്ചായത്ത് വകുപ്പിന്റെ കീഴിലായാലും മുനിസിപ്പൽ ആക്ടിന്റെ കീഴിലായാലും മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് പ്രവർത്തിക്കുന്നവരെല്ലാം ഒരേ കുടക്കീഴിൽ വരണമെന്നാണ്. അതിനുവേണ്ടി ട്രെയിനിംഗ് കൊടുക്കുന്നതിനും പ്രൊമോഷൻ തടസ്സപ്പെടുത്താതിരിക്കുന്നതിനും മറ്റും തദ്ദേശസ്വയംഭരണ വകുപ്പ് അപേക്ഷിച്ചിരുന്നു. അതിനനുസരിച്ച് കുറെ കാര്യങ്ങൾ ചെയ്തതല്ലാതെ, അതിന് തുടക്കം കുറിച്ചു എന്ന തെറ്റുമാത്രമേ നമ്മൾ ചെയ്തിട്ടുള്ളൂ. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിയമവശം പരിശോധിക്കാം. നിലവിലുള്ള കേസിനെ സംബന്ധിച്ച് പരിശോധിച്ചിട്ട് നിയമ വകുപ്പുമായി ആലോചിച്ച് ചെയ്യാം. അതിൽ അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയവുമില്ല. അതുകൊണ്ട് അത് ചർച്ച ചെയ്യേണ്ട ഒരു വിഷയമേയല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): സർ, 29-7-2010-ൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ടിന്റെ സെക്ഷൻ 97-ൽ നോട്ടിഫിക്കേഷൻ വരുന്ന ഡേറ്റ് മുതൽ നേരത്തേയുള്ള ആക്ട് അസാധുവാകും എന്ന് വ്യക്തമാക്കിയിരിക്കുകയാണ്. ഇത് വളരെ ഗുരുതരമായ ഒരു നിയമവശമാണ്. ഗവൺമെന്റ് ഇതുവരെ അത് പരിശോധിച്ചില്ല എന്ന് പറയുന്നത് തന്നെ അത്ഭുതപ്പെടുത്തുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇന്നുതന്നെ ഉദ്യോഗസ്ഥരുമായി സംസാരിച്ച് അടുത്ത സഭ കൂടുന്ന ദിവസം വിവരം അറിയിക്കും എന്ന ഒരു ഉറപ്പുതരണം. ഒരു നിയമം അസാധുവായിരിക്കുന്നു എന്നുള്ള നോട്ടിഫിക്കേഷൻ ഒരു വശത്ത് നിലനിൽക്കെ ആ നിയമത്തിന്റെ യടിസ്ഥാനത്തിൽ ഇവിടെ നടപടികൾ തുടരുകയാണ്. കേസ്സെടുക്കുന്നു, ഉദ്യോഗസ്ഥരെ നിയമിക്കുന്നു. ഇത് ജൂലായ് 29-ന് വന്നതാണ്. ഡിസംബർ മാസത്തിലാണ് പുതിയ ആളുകളെ നിയമിക്കുന്നത്. അതുകൊണ്ട് ഇതിന് അടിയന്തര പ്രാധാന്യമില്ല എന്ന് പറയാൻ പറ്റില്ല. ഇത് വളരെ ഗൗരവമേറിയ ഒരു പ്രശ്നമാണ്. അതുകൊണ്ട് ഇന്നുതന്നെ അങ്ങ് ഉദ്യോഗസ്ഥരുമായി സംസാരിച്ച് അതിന്റെ ശരിയായ നില എന്താണെന്ന് സഭയെ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : അതിന്റെ നിയമവശം ഉദ്യോഗസ്ഥരോടും നിയമവകുപ്പ് സെക്രട്ടറിയോടും ആലോചിച്ച് ഈ റൂൾസ് ഫ്രെയിം ചെയ്ത് നൈനലൈസ് ചെയ്യുന്നതിനു മുൻപ് എന്താണ് ചെയ്യേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് തീർച്ചയായും അറിയിക്കാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

LIBRARY ARCHIVES Kerala Legislative Assembly